ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035

ഫോൺ: 0471 2302490 ഫാക്സ് :0471 2303025/2303080

ഇ-മെയിൽ: dhskerala@gmail.com വെബ്സൈറ്റ്:

www.dhs.kerala.gov.in

---

## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

## തിരുവനന്തപുരം

വിഷയംആരോഗ്യവകുപ്പ് - ഡോ.അരുൺ. വി.ജെ (Dr. Arun V J), കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ - പ്രൊബേഷൻ അവസാനിപ്പിച്ച് സെർവീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. നം. എ1- 3926/2020/ജിമെആ കാസർഗോഡ് തീയതി. 10.04.2020

2. നം. DHS/8718/2023-EA4(41) തീയതി. 07.10.2024

## ഉത്തരവ് നം DHS/8718/2023-EA4 (41) തീയതി.08-12-2024

ഡോ. അരുൺ. വി.ജെ, 26.12.2018 ൽ ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജൻ ആയി ജോലിയിൽ പ്രവേശിപ്പിക്കപ്പെട്ട വ്യക്തിയാണ്. കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി യിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ ആയി സേവനത്തിൽ തുടരവെ 02.03.2020 മുതൽ ടിയാൾ അനധികൃതമായി

ജോലിയ്ക്കു ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (Work and Conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാർശം (2) പ്രകാരം നോട്ടീസ് നൽകുകയും ചെയ്തിരുന്നു. എന്നാൽ ഡോ. അരുൺ. വി.ജെ പ്രസ്തുത നോട്ടീസിനോട് പ്രതികരിച്ചിട്ടില്ല.

2 . 02.03.2020 മുതൽ അനധികൃതമായി ജോലിക്കു ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ. അരുൺ. വി.ജെയുടെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

3. മേൽ സാഹചര്യത്തിൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ. അരുൺ. വി.ജെ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറിന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സെർവീസിൽ നിന്നും നീക്കം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

Signed by
Reena K J
Date: 08-12-2024 12:56:59

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

Dr. Arun V J,

Vilayil House, Vellarikundu P O, Kasaragod

[രജിസ്റ്റേർഡ് (എഡി സഹിതം)]

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (A & E), തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) കാസർഗോഡ്

3.സൂപ്രണ്ട്, ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്

4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്

5. ഫയൽ / സ്റ്റോക്ക് ഫയൽ